I/125129/2023

**ഫയൽ നം :** SSG 2/196/2023-TC തീയതി : 19-05-2023

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് ,**
**തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014**

**ഇ-മെയിൽ :** tcoffice.mvd@kerala.gov.in |**വെബ്:** www.mvd.kerala.gov.in
|☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ,

**വിഷയം :-** മോട്ടോർ വാഹന വകുപ്പ് - ബാക്‌ലോഗ് എൻട്രി ചെയ്യുന്നത് - സംബന്ധിച്ച്

**പരാമർശം :-** 1) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രാലയം RT-11036/24/2023-MVL നമ്പർ കത്ത്
2) 19/04/2023 വാഹൻ ടീം മീറ്റിംഗ് മിനിട്സ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വാഹൻ ഡാറ്റാബേസിൽ ലഭ്യമല്ലാത്ത വാഹനങ്ങളുടെ വിവരങ്ങൾ അസ്സൽ രേഖകൾ അനുസരിച്ചു നാളിതുവരെ അതാതു രജിസ്റ്ററിങ് അതോറിറ്റിക്ക് ബാക്‌ലോഗ് എൻട്രി ചെയ്യുവാനുള്ള അധികാരം വാഹൻ സോഫ്റ്റ്‌വെയറിൽ നൽകിയിരുന്നു.

എന്നാൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രാലയം അയച്ചു തന്നിരിക്കുന്ന നിർദേശം അനുസരിച്ചു ഇനിമുതൽ രജിസ്റ്ററിങ് അതോറിറ്റിക്കു വാഹനിൽ ബാക്‌ലോഗ് എൻട്രി നേരിട്ട് ചെയ്യുവാൻ സാധിക്കുന്നതല്ല. ഇതിലേക്കായി സ്റ്റേറ്റ് അഡ്മിനിലൂടെ അനുമതി നൽകിയാൽ മാത്രമേ തുടർന്ന് ബാക്‌ലോഗ് ചെയ്യുവാൻ സാധിക്കുകയുള്ളു . ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ വ്യക്തമായ മാർഗ നിർദേശം നൽകിയിരിക്കുന്നു.

പ്രസ്തുത വിഷയം വകുപ്പ് പരിശോധിച്ച് തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വളരെ കാലപ്പഴക്കം ഉള്ളതും എന്നാൽ ഏതെങ്കിലും കാരണവശാൽ വാഹനിൽ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമല്ലാത്തതും ആയ വാഹനങ്ങൾ ബാക്‌ലോഗ് ചെയ്യുന്നതിനായി ചുവടെ പറയുന്ന നടപടികൾ അതാതു ഓഫീസ് മേലധികാരികൾ കൈക്കൊള്ളുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

ബാക്‌ലോഗ് ചെയ്യേണ്ട വാഹനത്തിന്റെ ചേസിസ് നമ്പർ, എൻജിൻ നമ്പർ, വാഹനത്തിന്റെ RC യുടെ പകർപ്പ്, രജിസ്റ്ററിങ് അതോറിറ്റിയിൽ നിന്നുള്ള സത്യവാങ്മൂലം

എന്നിവ 200 KB യിൽ കൂടാത്ത വലുപ്പത്തിൽ സ്റ്റേറ്റ് അഡ്മിനിൽ അപ്‌ലോഡ് ചെയ്യേണ്ടതാകുന്നു. ആയതിലേക്കായി അതാതു രജിസ്റ്ററിങ് അതോറിറ്റി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന **സത്യവാങ്മൂലം വ്യക്തമായി പൂരിപ്പിച്ചതും** RC **യുടെ പകർപ്പ്** എന്നിവ 200 KB യിൽ കൂടാതെ, സോഫ്റ്റ് കോപ്പി അടക്കം ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമായ വിവരങ്ങൾ വാഹൻ സ്റ്റേറ്റ് അഡ്മിൻ അപ്‌ലോഡ് ചെയ്ത ശേഷം അതാതു ഓഫീസുകളിൽ ബാക്‌ലോഗ് എൻട്രി ചെയ്യാവുന്നതാണ്. എന്നാൽ 2017 ൽ വാഹനത്തിലേക്ക് ഡാറ്റ പോർട്ട് ചെയ്തതിനു ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ ബാക്‌ലോഗ് എൻട്രി ചെയ്യണമെങ്കിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

സ്പെഷ്യൽ കാറ്റഗറിയിൽപെട്ട (Armored/Specilized Vehicle Category), BS-IV വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി നിയമാനുസരണമുള്ള നടപടികൾ അതാതു രജിസ്റ്ററിങ് അതോറിറ്റി സ്വീകരിച്ചു, സ്റ്റേറ്റ് അഡ്മിനിലൂടെ അപ്‌ലോഡ് ചെയ്യണ്ട രേഖകകൾ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാകുന്നു.

Signed by
K Manojkumar
Date: 19-05-2023 17:10:06

വിശ്വസ്തതയോടെ,

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA